കോ-ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 10/2023 29.05.2023

# 2000 ജനനവും മരണവും

സഖാക്കളെ ,

2016 നവംബർ 8 ന് രാത്രി 8 മണിക്ക് രാജ്യത്തോട് ചെയ്ത പ്രത്യേക പ്രസംഗത്തിലാണ് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോഡി നിലവിലുണ്ടായിരുന്ന 500, 1000 രൂപയുടെ കറൻസികൾ അസാധുവായി എന്ന് പ്രഖ്യാപിച്ചത്. അന്ന് പ്രചാരത്തിലുണ്ടായിരുന്ന കറൻസിയുടെ 87 ശതമാനം ആണ് ഒറ്റ രാത്രി കൊണ്ട് അസാധുവാക്കപ്പെട്ടത്. ഒരു മനുഷ്യന്റെ രക്തത്തിന്റെ 87 ശതമാനവും ഒറ്റയടിക്ക് ഊറ്റിയെടുത്താൽ ആ മനുഷ്യന് എന്ത് സംഭവിക്കുമോ അതു തന്നെ ഇന്ത്യൻ സമ്പദ് വ്യവസ്ഥക്കും സംഭവിക്കും എന്ന് സാമ്പത്തിക രംഗത്തെ വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു. ഇത് അങ്ങേയറ്റത്തെ മണ്ടൻ തീരുമാനമാണെന്നും ഇന്ത്യൻ സമ്പദ് മേഖലയെ തകർക്കുന്നതിലേക്ക് നോട്ടു നിരോധനം നയിക്കും എന്നും നവംബർ 8 ന് തന്നെ ഡോ. പ്രഭാത് പട്നായിക്കും ഡോ.തോമസ് ഐസക്കും ചൂണ്ടിക്കാട്ടി. കുറച്ച് ദിവസത്തേക്ക് ഒരു പ്രയാസം ഒക്കെ ഉണ്ടാവുമെങ്കിലും ഇത് ഒരു ധീരമായ തീരുമാനമാണ് എന്ന് വി.ടി.ബലറാമിനെ പോലെ തലയിൽ ആൾ താമസമോ സാമ്പത്തിക ശാസ്ത്രത്തിന്റെ ദീർഘവീക്ഷണമോ ഇല്ലാത്ത പലരും കരുതി. ഒരു ധീരനായ പ്രധാനമന്ത്രിക്ക് മാത്രമേ ധീരമായ ഇത്തരം തീരുമാനങ്ങൾ എടുക്കാൻ കഴിയൂ എന്ന നിലയിൽ വലിയ പ്രചാരണവും വന്നു. നോട്ട് നിരോധനം മൂലം ഇന്ത്യൻ സമ്പദ്മേഖല നേരിട്ട തകർച്ചയിൽ നിന്നും കരകയറാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. നോട്ട് നിരോധനം ഇന്ത്യയുടെ ചെറുകിട മേഖലയെ തകർത്തു കളഞ്ഞു.

പ്രധാനമന്ത്രിയുടെ നവംബർ 8 ന്റെ പ്രസംഗത്തിൽ നാല് ലക്ഷ്യങ്ങളാണ് പറഞ്ഞിരുന്നത്. ഒന്ന് - കള്ളപ്പണം ഇല്ലാതാക്കുക, രണ്ട് - കള്ള നോട്ടുകൾ ഇല്ലാതാക്കുക, മൂന്ന് - ഭീകരവാദം തകർക്കുക, നാല് - അഴിമതി തടയുക. നികുതി വെട്ടിപ്പ്, under invoicing, over invoicing തുടങ്ങിയവയിലൂടെയാണ് കള്ളപ്പണം ഉണ്ടാകുന്നത്. കള്ളപ്പണത്തിന്റെ മഹാ ഭൂരിപക്ഷവും സൂക്ഷിക്കപ്പെടുന്നത് വിദേശ ബാങ്കുകളിലും റിയൽ എസ്റ്റേറ്റിലും സ്വർണത്തിലുമാണ്. കറൻസി നിരോധിക്കുന്നതു കൊണ്ട് അവ ഇല്ലായ്മ ചെയ്യാൻ കഴിയില്ല. കള്ളപ്പണം സൂക്ഷിക്കുന്നത് കറൻസിയിലാണെന്നും അതിനാൽ തന്നെ അഞ്ച് ലക്ഷം കോടിയെങ്കിലും തിരിച്ചു വരില്ലെന്നും ബി.ജെ.പി കേന്ദ്രങ്ങൾ വലിയ നിലയിൽ പ്രചരിപ്പിച്ചു. കറൻസി റിസർവ് ബാങ്കിന്റെ liability ആയതിനാൽ 5 ലക്ഷം കോടി തിരിച്ചു വന്നില്ലെങ്കിൽ റിസർവ്വ് ബാങ്കിന്റെ liability അത്രയും കുറയുമെന്നും അത് രാഷ്ട്ര പുനർ നിർമാണ പ്രക്രിയയിൽ വിന്യസിക്കാമെന്നും വലിയ തത്വങ്ങൾ ചമക്കപ്പെട്ടു. ‘ അമ്പതു രൂപക്ക് പെട്രോൾ കിട്ടുമ്പോൾ വേണ്ടെന്ന് പറയരുത് ‘ എന്ന് വരെ പോയി വാദങ്ങൾ. എന്നാൽ നിരോധിക്കപ്പെട്ട ഏകദേശം മുഴുവൻ നോട്ടുകളും തിരിച്ചു വന്നു. സ്വന്തം എക്കൗണ്ടിലെ പണത്തിന് വേണ്ടി ക്യൂവിൽ നിന്ന് മരിച്ച നൂറിലധികം പേർ, ജോലി നഷ്ടപ്പെട്ട് ദുരിതത്തിലായ കോടിക്കണക്കിന് മനുഷ്യർ, രാപ്പകൽ പണിയെടുത്ത് നടുവൊടിഞ്ഞ ബാങ്ക് ജീവനക്കാർ - ദുരിതം മാത്രം വിതച്ചു നോട്ടു നിരോധന ദുരന്തം. പാക്കിസ്ഥാനിൽ നിന്നും അടിക്കുന്ന കള്ളനോട്ടുകൾ ഇല്ലാതാവുന്നതോടുകൂടി ഭീകരവാദം തുടച്ചു നീക്കപ്പെടും എന്നായിരുന്നു പറഞ്ഞത്. പുൽവാമ ഉൾപ്പെടെ ഭീകരാക്രമണങ്ങൾ വലിയ തോതിൽ വർധിച്ചതാണ് പിന്നീടുള്ള അ

നുഭവം. അഴിമതി കൊടി കുത്തിവാഴുന്ന കർണാടക എന്ന യാഥാർത്ഥ്യത്തിനു നേരെയാണ് ബിജെപി നേതൃത്വത്തിലുള്ള സർക്കാർ അവിടെ നിലം പതിച്ചത്. വർഗീയത എന്ന വിപത്ത് ഏറ്റവും ഉയർന്ന നിലയിൽ നിൽക്കുമ്പോൾ അഴിമതിയെക്കുറിച്ച് ആരും ചിന്തിക്കുന്നില്ല എന്നർത്ഥം.

ആയിരം നിരോധിച്ചിടത്തേക്കാണ് ഇരട്ടി മൂല്യമുള്ള രണ്ടായിരത്തിന്റെ വരവ്. ദോഷം പറയരുതല്ലോ വൻ പ്രചരണത്തോടെയാണ് രണ്ടായിരവും എഴുന്നള്ളിയത്. നൂറ്റി ഇരുപത് മീറ്റർ ആഴത്തിൽ കുഴിച്ചിട്ടാൽ പോലും കണ്ടു പിടിക്കാൻ കഴിയുന്ന നാനോ ജി.പി.എസ് ചിപ്പ് ഘടിപ്പിച്ച നോട്ടിൽ നിന്നും സാറ്റ്ലൈറ്റ് വഴി ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിലേക്ക് നേരിട്ട് സിഗ്നൽ പോകും. ലോകത്തിതുവരെ അത്തരത്തിലൊരു കറൻസി ഇറങ്ങിയിട്ടില്ല. അങ്ങനെയെല്ലാം പറഞ്ഞ് എഴുന്നള്ളിച്ച രണ്ടായിരം രൂപയുടെ നോട്ടാണ് പിൻവലിക്കുന്നത്. രണ്ടായിരത്തിന്റെ പ്രിൻറിംഗ് നിർത്തിയിട്ട് കാലമേറെയായി. രണ്ടായിരത്തിന്റെ നോട്ട് പ്രിന്റ് ചെയ്യാൻ ചെലവായ തുക, ATM ട്രേ കാലിബ്രേറ്റ് ചെയ്യുന്നതിന് വേണ്ടി ചെലവായ തുക - അങ്ങനെ രണ്ടായിരത്തിന്റെ നോട്ട് മുടിപ്പിച്ച സംഖ്യ വളരെ വലുതാണ്. നോക്കൂ ഇപ്പോൾ അത് പിൻവലിക്കുമ്പോൾ ഒരു രേഖയും ഇല്ലാതെ ആർക്കും ക്യൂവിൽ നിന്ന് അല്ലെങ്കിൽ ക്യൂവിൽ നിർത്തി എത്ര തവണ വേണമെങ്കിലും നോട്ട് മാറ്റിയെടുക്കാൻ കഴിയും. മറ്റ് ഇടപാടുകൾക്ക് KYC, CKYC, ReKYC എന്നെല്ലാം ഉരുവിടുന്നവരാണ് ഒരു രേഖയും വാങ്ങുകയോ നോക്കുകയോ ചെയ്യാതെ നോട്ട് മാറ്റി കൊടുക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിന്റെയും ജോലി ഭാരം മുഴുവൻ ബാങ്ക് ജീവനക്കാരുടെ തലയിലാണ് വന്നു ചേരുന്നത്.

The role of a trade union is **not** to oppose the policies of the bank or the Government (ഊന്നൽ കൂട്ടിച്ചേർത്തത്). 2000 രൂപയുടെ നോട്ട് പിൻവലിച്ചപ്പോൾ ബാങ്കിംഗ് രംഗത്തെ ഒരു സംഘടന ഇറക്കിയ സർക്കുലറിലെ ആദ്യത്തെ വാചകം ആണ് ഇത്. മഹാദുരന്തമായ നോട്ട് നിരോധനത്തെ കുറിച്ച് അതേ സർക്കുലറിൽ അവർ തുടർന്നു Remember that the previous demonitization has helped the Banks to increase their CASA. തൊഴിലാളി സംഘടനകൾ എന്ന പേരിൽ പ്രവർത്തിക്കുന്ന ഇത്തരം ചില കൂട്ടരും നമുക്കിടയിൽ ഉണ്ട് എന്നത് വളരെ ഗൗരവത്തോടെ നാം കാണണം. പൊതുജനങ്ങൾക്ക് നേരെ പൊതുവിലും ബാങ്ക് ജീവനക്കാർക്ക് നേരെ പ്രത്യേകിച്ചും വരുന്ന ആക്രമണങ്ങളെ അത് മാനേജ്മെന്റ് ഭാഗത്തുനിന്നായാലും ഗവൺമെന്റ് ഭാഗത്തുനിന്നായാലും തുറന്നു കാട്ടുകയും പ്രതിരോധിക്കുകയും പ്രത്യാക്രമണം നടത്തുകയുമാണ് ഒരു തൊഴിലാളി സംഘടനയുടെ കടമ എന്ന് അടിവരയിട്ടു പ്രഖ്യാപിച്ചു കൊണ്ട്.

അഭിവാദനങ്ങളോടെ,

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**പ്രശാന്ത് ജി**
ആക്ടിംഗ് ജനറൽ സെക്രട്ടറി
KGBOU, 99951 10026

**KGBEUOU സംസ്ഥാന സമ്മേളനം**
2023 ജൂലൈ 22, 23 കോട്ടയം

**BEFI അഖിലേന്ത്യാ സമ്മേളനം**
2023 ആഗസ്ത് 12 - 14 ചെന്നൈ